ഉത്തരം

(എ) 2012-13 വർഷത്തെ കണക്കനുസരിച്ച് ആകെ കൃഷി ഭൂമിയുടെ 7.61 ശതമാനമാണ് നെൽകൃഷി ചെയ്യുന്നത്.

(ബി) 2012-13 വർഷത്തെ കണക്കനുസരിച്ച് മറ്റ് ഭക്ഷ്യവിളകൾ (ധാന്യവിളകൾ) കൃഷി ചെയ്യുന്നത് ആകെ കൃഷി ഭൂമിയുടെ 0.027 ശതമാനമാണ്.

(സി) 2012-13 വർഷത്തെ കണക്കനുസരിച്ച് ആകെ കൃഷിയോഗ്യമായ ഭൂമിയുടെ 91.87 ശതമാനം ഭൂമിയിൽ വിവിധ കൃഷികൾ നടത്തുന്നു. ജനസംഖ്യ വർദ്ധിച്ചുവരുന്നതനുസരിച്ച് കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടുന്നതാണ് കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതിന്റെ പ്രധാന കാരണം. യുവതലമുറ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നതിന് വേണ്ടത്ര താല്പര്യം കാണിക്കാത്തതും മറ്റൊരു കാരണമാണ്. കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമവും ഇതിന് ആക്കം കൂട്ടുന്നു.

(ഡി) കേരളത്തിൽ കൃഷി ചെയ്തുവരുന്ന പ്രധാന വിളകൾ കൃഷി ചെയ്യുന്ന വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പും അനുബന്ധ ഏജൻസികളും വിവിധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾവഴി നൽകുന്ന ധനസഹായം (സബ്സിഡി) കർഷകർക്ക് വളരെ പ്രോത്സാഹജനകമാണ്. കൂടാതെ തരിശ് നില കൃഷി പദ്ധതി അനുസരിച്ച് നെല്ല്, പച്ചക്കറി, വാഴ, മരച്ചീനി എന്നിവയുടെ കൃഷി തരിശ് നിലങ്ങളിൽ ചെയ്യുന്നതിന് വ്യക്തികൾക്കും കർഷക കൂട്ടായ്മകൾക്കും പ്രത്യേക ധനസഹായം നൽകിവരുന്നു. ഇതോടൊപ്പം തരിശ് നിലം കൃഷിയ്ക്കായി വിട്ടുനൽകുന്ന ഭൂ ഉടമയ്ക്ക് ഹെക്ടറിന് 5,000 രൂപയും നൽകുന്നു.

(ഇ) തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്ന പദ്ധതിയനുസരിച്ച് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ധനസഹായം നൽകിവരുന്നു. ഇതുപ്രകാരം കുടുംബശ്രീ മുഖേന തരിശ് നിലങ്ങൾ ഏറ്റെടുത്ത് വിവിധ വിളകൾ കൃഷി ചെയ്തുവരുന്നു. കുടുംബശ്രീയിലെ അംഗങ്ങളുടെ കർഷക കൂട്ടായ്മയാണ് ഇത് നടപ്പിലാക്കുന്നത്. ഇതിനായി 2013-14 സാമ്പത്തിക വർഷം തരിശ് ഭൂമിയിൽ നെല്ല്, വാഴ, കിഴങ്ങുവർഗ്ഗം എന്നിവ കൃഷി ചെയ്ത കർഷകർക്ക് ധനസഹായം നൽകുന്നതിനായി 1352.092 ലക്ഷം രൂപ വിനിയോഗിച്ചു.

ഹരിത സംഘങ്ങൾ

103 (7400) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹരിത സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ; ഈ സംഘങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹരിതസംഘങ്ങൾ മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വന്നിരുന്നത് ; ഈ സംഘങ്ങളിലെല്ലാംകൂടി എത്ര കർഷകർ അംഗങ്ങളായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഇപ്പോൾ ഹരിത സംഘങ്ങൾ എന്ന പേരിൽ കർഷക ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നില്ല. 1997-98 മുതൽ 2004 വരെയുള്ള കാലയളവിലാണ് ഹരിത സംഘങ്ങൾ വഴി കൃഷി നടത്തിയിട്ടുള്ളത്. ഊർജ്ജിത പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി രൂപംകൊണ്ട ഹരിത സംഘങ്ങൾ മുഖേന പച്ചക്കറി കൃഷി വികസന പദ്ധതികളാണ് നടത്തിയിരുന്നത്. 5 ഹെക്ടർ വരുന്ന ഓരോ സംഘത്തിലും 15 മുതൽ 25 വരെ കർഷകർ അംഗങ്ങളായിരുന്നു. ഹെക്ടറിന് 50,000 രൂപ വരെ ധനസഹായം നൽകിയിരുന്നു. ടി സംഘങ്ങൾ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരുന്നു.

ഇതു കൂടാതെ 2007-ൽ പച്ചക്കറി ഉല്പാദന വർദ്ധനവിനു കൃഷി വകുപ്പ് നടപ്പിലാക്കിയ ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി രണ്ടായിരത്തോളം ഹരിതശ്രീ സംഘങ്ങൾ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി രൂപംകൊണ്ടു. ആദ്യവർഷം ഈ പദ്ധതിയിലൂടെ പച്ചക്കറി ഉല്പാദനം ഗണ്യമായി വർദ്ധിച്ചു. ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടിക്കോർപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ സംഭരിച്ച് ഇടത്തട്ടുകാരില്ലാതെ വിപണനം ചെയ്തുവന്നിരുന്നു.

അഗ്രികാർഡ് വിതരണവും പലിശരഹിത വായ്പയും

104 (7401) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഗ്രികാർഡ് നൽകിയ എത്ര കർഷകരുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അഗ്രികാർഡ് കൈപ്പറ്റിയവർക്ക് നൽകിയതെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാനത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകാൻ കേന്ദ്രത്തോട് എന്തുതുക ആവശ്യപ്പെട്ടെന്നും കേന്ദ്രം എന്തുതുക അനുവദിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) അഗ്രികാർഡുകൾ വിതരണം ചെയ്തു തുടങ്ങിയിട്ടില്ല. കാർഡുകളുടെ വിതരണത്തിനുള്ള നടപടികൾ നോഡൽ ബാങ്ക് ആയ കാനറ ബാങ്കിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly